**മധുരമായ കുട്ടികളേ - അന്തർമുഖിയായി തന്റെ മംഗളത്തെക്കുറിച്ച് ചിന്തിക്കൂ, ചുറ്റിക്കറങ്ങാൻ പോകുമ്പോൾ ഏകാന്തമായി വിചാരസാഗരമഥനം ചെയ്യൂ, സ്വയത്തോട് ചോദിക്കൂ - ഞാൻ സദാ സന്തുഷ്ടമാണോ.**

**ചോദ്യം:-** ദയാമനസ്കനായ ബാബയുടെ കുട്ടികൾക്ക് സ്വയത്തിന് മേൽ എങ്ങനെയുള്ള ദയയാണ് കാണിക്കേണ്ടത്?

**ഉത്തരം:-** ഏതുപോലെയാണോ ബാബയ്ക്ക് ദയയുണ്ടാകുന്നത് എന്റെ കുട്ടികൾ മുള്ളിൽ നിന്നും പുഷ്പമായിത്തീരണം, ബാബ കുട്ടികളെ പുഷ്പത്തിനു സമാനമാക്കി മാറ്റുന്നതിനായി എത്രയാണ് പ്രയത്നിക്കുന്നത്. അതുകൊണ്ട് കുട്ടികൾക്കും തന്റെ മേൽ ദയ തോന്നണം. നമ്മൾ ബാബയെ വിളിച്ചിരുന്നു - അല്ലയോ പതിതപാവനാ വരൂ, പുഷ്പമാക്കി മാറ്റൂ, ഇപ്പോൾ ബാബ വന്നിരിക്കുന്നു എങ്കിൽ എന്തുകൊണ്ട് നമുക്ക് പുഷ്പമായി മാറിക്കൂടാ! ദയ തോന്നുന്നു എങ്കിൽ ദേഹി-അഭിമാനിയായിരിക്കും. ബാബ എന്തു കേൾപ്പിക്കുന്നുവോ അത് ധാരണ ചെയ്യും.

**ഓംശാന്തി**. ഇത് കുട്ടികൾ മനസ്സിലാക്കുന്നു - ബാബ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്. ബാബ കുട്ടികളോട് ചോദിക്കുന്നു നിങ്ങൾ ഇവിടേക്ക് വരുമ്പോൾ ഈ ലക്ഷ്മി-നാരായണന്റെ ചിത്രത്തെയും ഏണിപ്പടിയുടെ ചിത്രത്തെയും കാണുന്നുണ്ടോ? എപ്പോഴാണോ ഈ രണ്ടു ചിത്രത്തെയും കാണുന്നത്, അപ്പോൾ ലക്ഷ്യവും മുഴുവൻ ചക്രവും ബുദ്ധിയിലേക്ക് വരുന്നു, നമ്മൾ ദേവതയായി, മുഴുവൻ ഏണിപ്പടിയും താഴേക്ക് ഇറങ്ങി വന്നു. ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് ലഭിക്കുന്നത്. നിങ്ങൾ വിദ്യാർത്ഥികളാണ്. ലക്ഷ്യം തൊട്ടു മുന്നിലുണ്ട്. ആരു വന്നാലും അവർക്ക് മനസ്സിലാക്കി കൊടുക്കൂ - ഇതാണ് ലക്ഷ്യം. ഈ പഠിപ്പിലൂടെയാണ് ദേവതകളായിത്തീരുന്നത്. പിന്നീട് 84 ജന്മത്തിന്റെ ഏണിപ്പടി താഴേക്ക് ഇറങ്ങുന്നു, വീണ്ടും ആവർത്തിക്കണം. വളരെയധികം സഹജമായ ജ്ഞാനമാണ് എന്നിട്ടും പഠിച്ച്-പഠിച്ച് എന്തുകൊണ്ട് തോറ്റുപോകുന്നത്. ആ ഭൗതികമായ പഠിപ്പിനേക്കാളും ഈ ആത്മീയ പഠിപ്പ് വളരെ സഹജമാണ്. ലക്ഷ്യവും 84 ജന്മത്തിന്റെ ചക്രവും തൊട്ടു മുന്നിണ്ട്. ഈ രണ്ടു ചിത്രങ്ങളും സ്വീകരണ മുറിയിലുണ്ടായിരിക്കണം. സേവനം ചെയ്യുന്നതിനായി സേവനത്തിനുള്ള ആയുധവും ആവശ്യമാണ്. മുഴുവൻ ജ്ഞാനവും ഇതിൽ തന്നെയുണ്ട്. ഈ പുരുഷാർത്ഥം നമ്മൾ ഇപ്പോഴാണ് ചെയ്യുന്നത്. സതോപ്രധാനമായിത്തീരുന്നതിനായി വളരെയധികം പ്രയത്നിക്കണം. ഇതിൽ അന്തർമുഖിയായി വിചാരസാഗരമഥനം ചെയ്യണം. ചുറ്റിക്കറങ്ങാനായി പോകുമ്പോഴെല്ലാം ബുദ്ധിയിൽ ഇതായിരിക്കണം. എല്ലാവരും നമ്പർവൈസാണെന്ന് ബാബയ്ക്ക് അറിയാം. ആരെങ്കിലും നല്ല രീതിയിൽ മനസ്സിലാക്കുകയാണെങ്കിൽ തന്റെ നന്മയ്ക്കായി പുരുഷാർത്ഥവും ചെയ്യുന്നു. ഇവർ നന്നായി പഠിക്കുമെന്ന് ഓരോ വിദ്യാർത്ഥികളും മനസ്സിലാക്കും. സ്വയം പഠിക്കുന്നില്ലെങ്കിൽ തനിക്ക് നഷ്ടം വരുത്തിവയ്ക്കുകയാണ്. സ്വയത്തെ യോഗ്യതയുള്ളവരാക്കി മാറ്റണം. നിങ്ങളും പരിധിയില്ലാത്ത ബാബയുടെ വിദ്യാർത്ഥികളാണ്. ഈ ബ്രഹ്മാവും പഠിക്കുകയാണ്. ഈ ലക്ഷ്മി-നാരായണനാണ് പദവി, 84 ജന്മങ്ങളുടെ ചക്രത്തിന്റെയാണ് ഈ ഏണിപ്പടി. ഇതാണ് ആദ്യത്തെ നമ്പറിലെ ജന്മം, ഇതാണ് അവസാന നമ്പറിലെ ജന്മം. നിങ്ങൾ ദേവതയായിമാറുന്നു. ഉള്ളിലേക്ക് വരുമ്പോൾ തന്നെ മുന്നിലുള്ള ലക്ഷ്യത്തെക്കുറിച്ചും ഏണിപ്പടിയെക്കുറിച്ചും മനസ്സിലാക്കി കൊടുക്കൂ. ദിവസേന വന്ന് ഇതിനു മുന്നിൽ ഇരിക്കുകയാണെങ്കിൽ സ്മൃതിയുണ്ടാവും. നിങ്ങളുടെ ബുദ്ധിയിലുണ്ട് പരിധിയില്ലാത്ത ബാബയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്. മുഴുവൻ ചക്രത്തിന്റെയും ജ്ഞാനം നിങ്ങളുടെ ബുദ്ധിയിൽ നിറഞ്ഞിരിക്കുന്നുണ്ട്, അപ്പോൾ എത്ര സന്തോഷത്തോടെയിരിക്കണം. സ്വയത്തോട് ചോദിക്കണം എന്തുകൊണ്ട് എനിക്ക് ആ അവസ്ഥയുണ്ടാകുന്നില്ല? എന്ത് കാരണം കൊണ്ടാണ് സന്തോഷത്തോടെയിരിക്കുന്നതിൽ വിഘ്നം സംഭവിക്കുന്നത്? ആരാണോ ചിത്രങ്ങൾ ഉണ്ടാക്കുന്നത് അവരുടെ ബുദ്ധിയിലുമുണ്ടായിരിക്കും ഇത് നമ്മുടെ ഭാവിയിലെ പദവിയാണ്. ഇതാണ് നമ്മുടെ ലക്ഷ്യം, ഇത് 84 ജന്മങ്ങളുടെ ചക്രമാണ്. സഹജ രാജയോഗം എന്ന മഹിമയുമുണ്ട്. ഇതാണ് ബാബ ദിവസേന മനസ്സിലാക്കിത്തരുന്നത്, നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണെങ്കിൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് തീർച്ചയായും നേടണം. മുഴുവൻ ചക്രത്തിന്റെ രഹസ്യത്തെയും മനസ്സിലാക്കിയെങ്കിൽ തീർച്ചയായും ഓർമ്മിക്കണം, പിന്നീട് സംസാര രീതിയും വളരെ നല്ലതായിരിക്കണം. പെരുമാറ്റം വളരെ നല്ലതായിരിക്കണം. നടക്കുമ്പോഴും കർമ്മങ്ങൾ ചെയ്തുകൊണ്ടും ബുദ്ധിയിൽ ഇതു മാത്രമായിരിക്കണം നമ്മൾ ബാബയുടെ അടുത്ത് പഠിക്കുന്നതിനുവേണ്ടിയാണ് വന്നിരിക്കുന്നത്. ഈ ജ്ഞാനം തന്നെയാണ് നിങ്ങൾക്ക് കൂടെ കൊണ്ടു പോകേണ്ടത്. പഠിപ്പ് സഹജമാണ്. എന്നാൽ പൂർണ്ണമായി പഠിക്കുന്നില്ലെങ്കിൽ ടീച്ചർക്ക് തീർച്ചയായും ഈ ചിന്ത ഉണ്ടായിരിക്കും, അഥവാ ക്ലാസ്സിൽ വളരെയധികം കുട്ടികൾ അസമർത്ഥരാണെങ്കിൽ എന്റെ പേര്

മോശമാകും. പ്രതിഫലം ലഭിക്കുകയില്ല. ഗവൺമെന്റ് ഒന്നും തന്നെ നൽകില്ല. ഇതും സ്കൂളല്ലേ. ഇവിടെ പ്രതിഫത്തിന്റെ കാര്യമില്ല. എങ്കിലും പുരുഷാർത്ഥം ചെയ്യിപ്പിക്കുകയല്ലേ. സ്വഭാവത്തെ ശ്രേഷ്ഠമാക്കൂ, ദൈവീകഗുണത്തെ ധാരണ ചെയ്യൂ. വ്യക്തിത്വം വളരെ നല്ലതായിരിക്കണം. ബാബ നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് വന്നിരിക്കുന്നത്. പക്ഷേ ബാബയുടെ ശ്രീമത്തനുസരിച്ച് മുന്നോട്ടു പോകാൻ സാധിക്കുന്നി ല്ല. ശ്രീമതം പറയുന്നു ഇവിടേക്ക് പോകൂ എന്നാൽ പോകുന്നില്ല. പറയുന്നു ഇവിടെ ചൂടാണ്, ഇവിടെ തണുപ്പാണ്. ബാബയെ തിരിച്ചറിയുന്നില്ല ആരാണ് നമ്മളോട് പറയുന്നതെന്ന് മനസ്സിലാക്കുന്നില്ല. ബുദ്ധി യിൽ ഈ സാധാരണ രഥമാണ് വരുന്നത്. ആ ബാബ (ശിവബാബ) ബുദ്ധിയിലേക്ക് വരുന്നില്ല. വലിയ വലിയ രാജാക്കന്മാരെ എല്ലാവരും എത്രത്തോളം പേടിക്കുന്നു. ഉയർന്ന അധികാരമുണ്ട്. ഇവിടെ ബാബ പറയുന്നു ഞാൻ ഏഴകളുടെനാഥനാണ്. രചയിതാവായ എന്നെയും രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെ ക്കുറിച്ചും ആർക്കും തന്നെ അറിയില്ല. എത്രയധികം മനുഷ്യരാണ്. എങ്ങനെയെല്ലാമുള്ള കാര്യങ്ങളാണ് പറയുന്നത്, എന്തെല്ലാമാണ് ചെയ്യുന്നത്. ഭഗവാൻ ആരാണ് എന്നതു പോലും അറിയുന്നില്ല. അത്ഭുതമല്ലേ. ബാബ പറയുന്നു ഞാൻ സാധാരണ ശരീരത്തിൽ പ്രവേശിച്ച് സ്വയത്തിന്റെയും രചനയുടേയും ആദി-മദ്ധ്യ-അന്ത്യത്തിന്റെയും പരിചയം നൽകുന്നു. 84 ജന്മങ്ങളുടെ ഈ ഏണിപ്പടി എത്ര വ്യക്തമാണ്.

ബാബ പറയുന്നു ഞാൻ നിങ്ങളെ ഇതുപോലെയാക്കി മാറ്റിയിരുന്നു, ഇപ്പോൾ വീണ്ടും അതുപോലെ ആക്കുകയാണ്. നിങ്ങൾ പവിഴബുദ്ധികളായിരുന്നു പിന്നീട് നിങ്ങളെ ആരാണ് കല്ലുബുദ്ധികളാക്കി മാറ്റിയത്? അരക്കല്പമായി രാവണരാജ്യത്തിൽ നിങ്ങൾ താഴേക്കു വീണുകൊണ്ടിരുന്നു. ഇപ്പോൾ നിങ്ങൾക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി തീർച്ചയായും മാറണം. വിവേകം പറയുന്നുണ്ട് ബാബ യാണ് സത്യം. ബാബ തീർച്ചയായും സത്യം മാത്രമേ പറയൂ. ഈ ബ്രഹ്മാവും പഠിക്കുകയാണ്, നിങ്ങളും പഠിക്കുകയാണ്. ഇദ്ദേഹം പറയുന്നു ഞാനും വിദ്യാർത്ഥിയാണ്. പഠനത്തിൽ ശ്രദ്ധ നൽകുന്നു. കൃത്യമായ കർമ്മാതീത അവസ്ഥ ഇപ്പോൾ ഉണ്ടായിട്ടില്ല. ഇത്രയും ഉയർന്ന പദവി നേടുന്നതിനായി പഠിത്തത്തിൽ ശ്രദ്ധ നൽകാത്തവരായി ആരുണ്ടാകും. ഇങ്ങനെയുള്ള പദവി തീർച്ചയായും നേടണമെന്ന് എല്ലാവരും പറയും. ബാബയുടെ കുട്ടികളാണ് നമ്മൾ അതുകൊണ്ട് തീർച്ചയായും അധികാരികളായിരിക്കണം. ബാക്കി പഠിത്തത്തിൽ തീർച്ചയായും ഉയർച്ചയും താഴ്ചയും ഉണ്ടായിക്കൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാന ത്തിന്റെ പൂർണ്ണമായ സാരമാണ് ലഭിച്ചിരിക്കുന്നത്. തുടക്കത്തിൽ പഴയ ജ്ഞാനം തന്നെയായിരുന്നു. പതുക്കെ-പതുക്കെ നിങ്ങൾ മനസ്സിലാക്കി വന്നു. സത്യമായ ജ്ഞാനമാണ് നമുക്ക് ലഭിക്കുന്നതെന്ന് ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. ബാബയും പറയുന്നു ഇന്ന് ഞാൻ നിങ്ങൾക്ക് ഗുഹ്യമായ കാര്യങ്ങളാണ് കേൾപ്പി ക്കുന്നത്. പെട്ടെന്നു തന്നെ ആർക്കും ജീവന്മുക്തി നേടാൻ സാധിക്കില്ല. മുഴുവൻ ജ്ഞാനത്തെയും എടു ക്കാൻ സാധിക്കില്ല. ആദ്യം ഈ ഏണിപ്പടിയുടെ ചിത്രം ഉണ്ടായിരുന്നില്ല. നമ്മൾ ഇങ്ങനെയെല്ലാമാണ് ചക്രം കറങ്ങിയെന്ന് ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. നമ്മൾ തന്നെയാണ് സ്വദർശനചക്രധാരി. ബാബ നമ്മൾ ആത്മാക്കൾക്ക് മുഴുവൻ ചക്രത്തിന്റെയും രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി തന്നു. ബാബ പറയുന്നു നിങ്ങളുടെ ധർമ്മം വളരെയധികം സുഖം നൽകുന്നതാണ്. ബാബ തന്നെയാണ് വന്ന് നിങ്ങളെ സ്വർഗ്ഗ ത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. മരണം തൊട്ട് മുന്നിൽ നിൽക്കുമ്പോഴാണ് മറ്റുള്ളവരുടെ സുഖ ത്തിന്റെ സമയം വന്നിരിക്കുന്നത്. ഈ വിമാനവും വൈദ്യുതിയുമൊന്നും മുൻപ് ഉണ്ടായിരുന്നില്ല. അവർക്ക് ഇവിടം സ്വർഗ്ഗം പോലെയാണ്. എത്ര വലിയ വലിയ കൊട്ടാരമാണ് ഉണ്ടാക്കുന്നത്. ഞങ്ങൾക്ക് വളരെ വലിയ സുഖമാണെന്ന് കരുതുന്നു. ലണ്ടനിലേക്കെല്ലാം എത്ര പെട്ടെന്നാണ് എത്തിച്ചേരുന്നത്. ഇതുതന്നെ യാണ് സ്വർഗ്ഗമെന്നു കരുതിയിരിക്കുന്നു. ഏതുവരെ ആരെങ്കിലും അവർക്ക് സ്വർഗ്ഗം സത്യയുഗമാണെന്നും, കലിയുഗത്തെ ഒരിക്കലും സ്വർഗ്ഗമെന്നു പറയില്ല എന്നും മനസ്സിലാക്കി കൊടുക്കുന്നോ. നരകത്തിൽ ആരെ ങ്കിലും ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ തീർച്ചയായും പുനർജന്മവും നരകത്തിൽ തന്നെയായിരിക്കും എടുക്കുക. മുൻപ് നിങ്ങളും ഈ കാര്യം മനസ്സിലാക്കിയിരുന്നില്ല. ഇപ്പോൾ മനസ്സിലാക്കുന്നു. രാവണ രാജ്യം വരുമ്പോൾ നമ്മൾ താഴേക്ക് അധഃപതിക്കാൻ ആരംഭിക്കുന്നു. എല്ലാ ദുർവികാരങ്ങളും വരുന്നു. ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ ജ്ഞാനം ലഭിച്ചു അതുകൊണ്ട് പെരുമാറ്റവും വളരെ രാജകീയമായിരിക്ക ണം. ഇപ്പോൾ നിങ്ങൾ സത്യയുഗത്തിലുള്ളതിനെക്കാളും മൂല്യമുള്ളവരാണ്. ജ്ഞാന സാഗരനായ ബാബ മുഴുവൻ ജ്ഞാനവും ഇപ്പോഴാണ് നൽകുന്നത്. മറ്റൊരു മനുഷ്യനും ജ്ഞാനത്തെക്കുറിച്ചും ഭക്തിയെക്കു റിച്ചും മനസ്സിലാക്കാൻ സാധിക്കില്ല. കൂട്ടിക്കലർത്തി. ശാസ്ത്രങ്ങൾ പഠിക്കുന്നതാണ് ജ്ഞാനമെന്നും, പൂജകൾ ചെയ്യുന്നതാണ് ഭക്തിയെന്നുമാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ ബാബ പുഷ്പമാക്കി മാറ്റാൻ എത്രയാണ് പ്രയത്നിക്കുന്നത്. കുട്ടികൾക്കും ദയ തോന്നണം, നമ്മൾ ബാബയെ വിളിച്ചിരുന്നു പതിതരെ വന്ന് പാവനമാക്കൂ, പുഷ്പ സമാനമാക്കൂ....... ഇപ്പോൾ ബാബ വന്നുവെങ്കിൽ സ്വയവും ദയ കാണിക്ക ണം. എന്താ നമുക്ക് ഇങ്ങനെയുള്ള പുഷ്പമായിമാറാൻ സാധിക്കില്ലേ! ഇതുവരെയ്ക്കും എന്തുകൊണ്ട് ഞാൻ ബാബയുടെ ഹൃദയ സിംഹാസനത്തിൽ ഇരുന്നില്ല! ശ്രദ്ധ നൽകുന്നില്ല. ബാബ എത്ര ദയാമനസ്ക

നാണ്. വന്ന് പാവനമാക്കൂ എന്നു പറഞ്ഞ് ബാബയെ വിളിക്കുന്നതു തന്നെ പതിതലോകത്തിലേക്കാണ്. അപ്പോൾ എങ്ങനെയാണോ ബാബയ്ക്ക് ദയ തോന്നുന്നത്, അതുപോലെ കുട്ടികൾക്കും ദയ തോന്നണം. ഇല്ലെങ്കിൽ സദ്ഗുരുവിന്റെ നിന്ദകന് ഒരിക്കലും ഗതി പ്രാപിക്കാൻ സാധിക്കില്ല. ആരുടെയും സ്വപ്ന ത്തിൽപ്പോലും ഉണ്ടായിരിക്കില്ല, സദ്ഗുരു ആരാണ്? മനുഷ്യർ ഗുരുക്കന്മാരെക്കുറിച്ച് ചിന്തിക്കാറുണ്ട്, ഗുരു ഒരിക്കലും ശപിക്കരുത്, അകൃപ കാണിക്കരുത്.... കുട്ടി ജനിക്കുകയാണെങ്കിൽ ഗുരുവിന്റെ കൃപ കാരണമാണെന്ന് വിചാരിക്കുന്നു. ഇതെല്ലാം അല്പകാലത്തെ സുഖത്തിന്റെ കാര്യങ്ങളാണ്. ബാബ പറ യുന്നു – കുട്ടികളേ, സ്വയത്തിനുമേൽ കൃപകാണിക്കൂ. ദേഹീ–അഭിമാനിയാകുകയാണെങ്കൽ ധാരണയും ഉണ്ടാകും. എല്ലാം ചെയ്യുന്നത് ആത്മാവ് തന്നെയാണ്. ഞാനും ആത്മാക്കളെയാണ് പഠിപ്പിക്കുന്നത്. സ്വയത്തെ ആത്മാവാണെന്ന് വ്യക്തമായി മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. ബാബയെ ഓർമ്മിച്ചില്ലാ എങ്കിൽ എങ്ങനെ വികർമ്മം നശിക്കും. അല്ലയോ ഭഗവാനേ ദയ കാണിക്കൂ എന്നു പറഞ്ഞ് ഭക്തിമാർഗ്ഗത്തിൽ പോലും ഓർമ്മിച്ചിരുന്നു. ബാബ മുക്തിദാതാവുമാണ്, വഴികാട്ടിയുമാണ്. ഇതും ബാബയുടെ ഗുപ്തമായ മഹിമയാണ്. ബാബ വന്ന് എല്ലാം തന്നെ പറഞ്ഞുതരികയാണ് ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എന്നെ ഓർമ്മി ച്ചിരുന്നു. പക്ഷേ ഞാൻ വരുന്നത് എന്റെ സമയത്താണ്. തോന്നുമ്പോൾ വരാൻ സാധിക്കില്ല. ഡ്രാമയിൽ എപ്പോഴാണോ വരുന്ന കാര്യം അടങ്ങിയിട്ടുള്ളത് അപ്പോഴാണ് വരുന്നത്. ബാക്കി അത്തരം ചിന്തകളും ഒരിക്കലും വരുന്നില്ല. നിങ്ങളെ പഠിപ്പിക്കുന്നത് ബാബയാണ്. ബ്രഹ്മാബാബയും ശിവബാബയിൽ നിന്നാണ് പഠിക്കുന്നത്. ബാബ ഒരിക്കലും തെറ്റു ചെയ്യുന്നില്ല, ആരെയും ദുഃഖിപ്പിക്കുന്നില്ല. ബാക്കി എല്ലാവരും സംഖ്യാക്രമത്തിലുള്ള ടീച്ചേഴ്സാണ്. സത്യമായ ബാബ നിങ്ങൾക്ക് സത്യമാണ് പഠിപ്പിച്ചു തരുന്നത്. സത്യ മായ അച്ഛന്റെ കുട്ടികളും സത്യമാണ്. പിന്നീട് അസത്യത്തിന്റെ കുട്ടികളായിത്തീരുന്നതിലൂടെ അരകൽപം അസത്യരായി മാറുന്നു. സത്യമായ ബാബയെത്തന്നെ മറന്നു പോകുന്നു.

ആദ്യമാദ്യം മനസ്സിലാക്കി കൊടുക്കൂ, ഇത് സത്യയുഗീ പുതിയ ലോകമാണോ അതോ പഴയ ലോകമാണോ? അപ്പോൾ മനുഷ്യർ മനസ്സിലാക്കും ഇവർ വളരെ നല്ല ചോദ്യം ചോദിക്കുന്നുണ്ട്. ഈ സമയം എല്ലാവ രിലും പഞ്ചവികാരങ്ങൾ പ്രവേശിച്ചിട്ടുണ്ട്. അവിടെ 5 വികാരങ്ങൾ ഉണ്ടായിരിക്കില്ല. ഇതെല്ലാം തന്നെ മന സ്സിലാക്കുന്നതിനുള്ള വളരെ സഹജമായ കാര്യങ്ങളാണ്. പക്ഷേ സ്വയം തന്നെ മനസ്സിലാക്കിയിട്ടില്ലെങ്കിൽ അവർ പ്രദർശിനിയിൽ എന്ത് മനസ്സിലാക്കി കൊടുക്കും? സേവനത്തിനു പകരം അവർ ഡിസ്സർവ്വീസ് ചെയ്തു വരും. പുറത്ത് പോയി സേവനം ചെയ്യുക എന്നുള്ളത് ചിറ്റമ്മയുടെ വീട്ടിലേക്കു പോകുന്ന പോലെ എളുപ്പമുള്ള കാര്യമല്ല. വളരെയധികം വിവേകം ആവശ്യമാണ്. ബാബയ്ക്ക് ഓരോരുത്തരുടേയും പെരുമാറ്റത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. ബാബ നമ്മുടെ അച്ഛൻ തന്നെയാണ്, എങ്കിലും ബാബയും പറയുന്നു ഇങ്ങനെയാണ് ഡ്രാമയിൽ അടങ്ങിയിട്ടുണ്ടായിരുന്നത്. ആര് തന്നെ വരികയാണെങ്കിലും ബ്രഹ്മാ കുമാരിയുടെ മനസ്സിലാക്കി കൊടുക്കൽ ശരിയാണ്. പേരും ബ്രഹ്മാകുമാരീ ഈശ്വരീയവിശ്വവിദ്യാലയം എന്നാണ്. ബ്രഹ്മാകുമാരിമാരുടെ പേരു തന്നെയാണ് പ്രശസ്തമാകേണ്ടത്. ഈ സമയം എല്ലാവരും 5 വികാരങ്ങളിൽ വീണിരിക്കുകയാണ്. അവർക്ക് പോയി മനസ്സിലാക്കി കൊടുക്കുക എത്ര ശ്രമകരമാണ്. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല, കേവലം ജ്ഞാനം വളരെ നല്ലതാണെന്ന് മാത്രം പറയുന്നു. സ്വയം മന സ്സിലാക്കുന്നില്ല. വിഘ്നത്തിനു പിറകെ വിഘ്നങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പിന്നീട് യുക്തികളും രചി ക്കേണ്ടതായി വരുന്നു. പൊലീസിന്റെ കാവൽ ഏർപ്പെടുത്തൂ, ചിത്രങ്ങൾ ഇൻഷ്വർ ചെയ്യൂ. ഇത് യജ്ഞ മാണ് ഇതിൽ തീർച്ചയായും വിഘ്നങ്ങൾ ഉണ്ടാകും. മുഴുവൻ പഴയ ലോകവും ഇതിൽ സ്വാഹയാകണം. അല്ലെങ്കിൽ എന്തിനാണ് യജ്ഞം എന്നുള്ള പേര് വച്ചിരിക്കുന്നത്. യജ്ഞത്തിൽ എല്ലാം തന്നെ സ്വാഹയായി ത്തീരണം. ഇതിന്റെ പേര് രുദ്ര ജ്ഞാന യജ്ഞം എന്നാണ്. ജ്ഞാനത്തെ പഠിപ്പ് എന്നും പറയുന്നു. ഇത് പാഠശാലയുമാണ് യജ്ഞവുമാണ്. നിങ്ങൾ പാഠശാലയിൽ പഠിച്ച് ദേവതയായിത്തീരുന്നു, പിന്നീട് സർവ്വതും ഈ യജ്ഞത്തിൽ സ്വാഹയായിത്തീരുന്നു. ആരാണോ ദിവസേന അഭ്യസിക്കുന്നത് അവർക്കേ മനസ്സി ലാക്കി കൊടുക്കാൻ സാധിക്കൂ. അഥവാ അഭ്യാസം ഇല്ലാ എങ്കിൽ അവർക്ക് എന്ത് മനസ്സിലാക്കി കൊടു ക്കാൻ സാധിക്കും? ലോകത്തിലുള്ള മനുഷ്യർക്ക് ഇപ്പോഴാണ് സ്വർഗ്ഗം, അല്പകാലത്തേക്കുള്ളതാണ്. നിങ്ങളുടെ സ്വർഗ്ഗം അരക്കല്പത്തേക്കാണ്. ഈ ഡ്രാമയും ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ചിന്തിക്കുകയാ ണെങ്കിൽ വളരെയധികം അത്ഭുതമാണ്. ഇപ്പോൾ രാവണരാജ്യം ഇല്ലാതായി രാമരാജ്യത്തിന്റെ സ്ഥാപന നടത്തുന്നു. ഇതിൽ യുദ്ധത്തിന്റെ കാര്യമൊന്നും തന്നെയില്ല. ഈ ഏണിപ്പടിയുടെ ചിത്രം കണ്ട് മനുഷ്യർ അത്ഭുപ്പെടുന്നു. അപ്പോൾ ബാബ എന്തെല്ലാമാണ് മനസ്സിലാക്കിത്തന്നത്, ബ്രഹ്മാവും ശിവബാബയിൽ നിന്നും പഠിച്ചാണ് നമുക്ക് പറഞ്ഞുതരുന്നത്. പെൺമക്കളും മനസ്സിലാക്കിത്തരുന്നുണ്ട്. ആരാണോ വള രെയധികം പേരുടെ നന്മ ചെയ്യുന്നത് അവർക്ക് തീർച്ചയായും വളരെയധികം ഫലം ലഭിക്കുന്നു. പഠിച്ചവരുടെ മുന്നിൽ പഠിക്കാത്തവർ തലകുനിക്കുന്നു. ബാബ ദിവസേന മനസ്സിലാക്കിത്തരുന്നു – തന്റെ മംഗളം ചെയ്യൂ. ഈ ചിത്രങ്ങളെ മുന്നിൽ വെക്കുന്നതിലൂടെ തന്നെ ലഹരി വർദ്ധിക്കുന്നു. അതുകൊ

ണ്ടാണ് ബാബ തന്റെ മുറിയിൽ ഈ ചിത്രങ്ങളെ വെച്ചിരിക്കുന്നത്. ലക്ഷ്യം എത്ര സഹജമാണ്. ഇതിൽ സംസ്കാരം വളരെ നല്ലതായിരിക്കണം. ഹൃദയം ശുദ്ധമാണെങ്കിൽ പ്രഭു പ്രീതിപ്പെടുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. സദാ സ്മൃതിയിലുണ്ടായിരിക്കണം, നമ്മൾ പരിധിയില്ലാത്ത ബാബയുടെ വിദ്യാർത്ഥികളാണ്, ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു, അതുകൊണ്ട് നല്ല രീതിയിൽ പഠിച്ച് ബാബയുടെ പേരിനെ പ്രശസ്തമാക്കണം. തന്റെ പെരുമാറ്റം വളരെ കുലീനമായിരിക്കണം.

2. ബാബയ്ക്കു സമാനം ദയാമനസ്കരായിത്തീർന്ന് മുള്ളിൽ നിന്നും പുഷ്പമാകുകയും മറ്റുള്ളവരെയും പുഷ്പമാക്കി മാറ്റുകയും വേണം. അന്തർമുഖിയായി തന്റെയും മറ്റുള്ളവരുടെയും മംഗളത്തെക്കുറിച്ച് ചിന്തിക്കണം.

**വരദാനം – പ്രശ്നങ്ങളിൽ മനസ് തകരുന്നതിന് പകരം വിശാലമനസ്ക്കരായ ധൈര്യ ശാലികളായി ഭവിക്കട്ടെ.**

എന്തെങ്കിലും ശാരീരിക അസുഖങ്ങളോ, മാനസിക പ്രയാസങ്ങളോ, സാമ്പത്തികമോ തൊഴിൽപ്പരമോ ആയ പ്രയാസങ്ങളോ, സേവനങ്ങളിൽ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഒരിക്കലും മനസ് തളർന്നവരാക രുത്. വിശാലമനസ്ക്കരാകൂ. എന്തെങ്കിലും കണക്കുകൾ വന്നു, വേദനകൾ വന്നു എങ്കിൽ അത് തന്നെ ചി ന്തിച്ച് ചിന്തിച്ച് മനസ് തകർന്ന് അവയെ വലുതാക്കരുത്. ധൈര്യശാലിയാകൂ, അയ്യോ എന്ത് ചെയ്യും എന്ന് വിചാരിച്ച് ധൈര്യം കളയരുത്. ധൈര്യശാലിയാണെങ്കിൽ ബാബയുടെ സഹായം തനിയെ ലഭിക്കും.

**സ്ലോഗൻ – ആരുടേയെങ്കിലും കുറവുകളെ കാണുന്ന കണ്ണുകൾ അടച്ച് മനസിനെ അ ന്തർമുഖിയാക്കൂ.**